കായംകുളം താപ വൈദ്യുതി നിലയത്തിന്റെ രണ്ടാംഘട്ട വികസനം

7 (*542) ശ്രീ. എ. സി. മൊയ്തീൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുതി നിലയത്തിന്റെ രണ്ടാം ഘട്ട വികസന പദ്ധതിക്കാവശ്യമായി വരുന്ന വെള്ളം നൽകാൻ ജലവിഭവ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ :

(ബി) നിലവിൽ പദ്ധതിക്കു നൽകുന്ന വെള്ളം എത്രയാണെന്നും രണ്ടാം ഘട്ട വികസന പദ്ധതിക്കാവശ്യമായി വരുന്ന വെള്ളം എത്രയാണെന്നും വ്യക്തമാക്കുമോ :

(സി) ഇത്രയും വെള്ളം നൽകാവുന്ന സ്രോതസ്സ് ഏതാണെന്ന് വെളിപ്പെടുത്താമോ : പ്രസ്തുത സ്രോതസ്സുകളിലേക്കുള്ള വെള്ളം ഏതെങ്കിലും സ്ഥലത്തുവച്ച് ഗതിമാറ്റപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഡി) പദ്ധതിക്കാവശ്യമായ വെള്ളം സ്ഥിരമായി ലഭ്യമാക്കുന്നതിന് സാധ്യമാണോ ; വിശദാംശം വ്യക്തമാക്കുമോ ?

- ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കായംകുളം താപവൈദ്യുത നിലയത്തിന്റെ രണ്ടാം ഘട്ട വികസന പദ്ധതിക്കാവശ്യമായ ജലം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ നിന്നും നൽകാമെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജലദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ കല്ലട പദ്ധതിയുടെ കനാലിൽ നിന്നും ജലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഒരു സംയുക്ത പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ പ്രോജക്ട് II വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 2003-04 സാമ്പത്തിക വർഷത്തിൽ 91457490 ഘന അടി ജലം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട വികസന പദ്ധതിയ്ക്ക് 48 ക്യൂസക്സ് ജലം ആവശ്യമാണെന്ന് എൻ.ടി.പി.സി. അറിയിച്ചിട്ടുണ്ട്.

(സി) നിലവിൽ ജലം നൽകുന്നത് അച്ചൻകോവിലാറിൽ നാലെട്ടുകവലയിൽ നിർമ്മിച്ചിട്ടുള്ള ഡൈവർഷൻ വിയർ വഴിയാണ്. ജനുവരി മുതൽ മേയ് മാസം വരെ അച്ചൻകോവിലാറ്റിൽ നീരൊഴുക്ക് കുറയുന്ന സാഹചര്യത്തിൽ, രണ്ടാം ഘട്ട വികസനത്തിനാവശ്യമായ ജലം കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാലിൽ നിന്നും ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജലം ഗതിമാറ്റി വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പമ്പ, അച്ചൻകോവിൽ നദികളിലെയും കല്ലട ജലസേചന പദ്ധതിയിലെ റിസർവ്വോയറിലെയും ജലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതിക്കാവശ്യമായ ജലം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly